## (9.) ആറ്ററികം സെൻ്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പുനരൈക്യ ശിൽപിയായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി സാർവത്രിക കൂട്ടായ്മയിലേക്ക് മലങ്കര മക്കളെ പുനരാനയിച്ചപ്പോൾ അനേകം വൈദിക ശ്രേഷ്ഠരും, അവരുടെ നേതൃത്വത്തിൽ അനേകം ഇടവക കൂട്ടായ്മകളും ദൈവാത്മാവിനാൽ രൂപീകൃതമായി. ഇപ്രകാരം മലങ്കര യാക്കോബായ സഭയുടെ പ്രധാന കേന്ദ്രങ്ങളിലൊന്നായ ഓമല്ലൂർ പ്രദേശത്തിൻെറ കിഴക്കുദിക്കിൽ പുരാതന എഴിയത്ത് കുടുംബത്തിൻെറ കുന്നറ പുരയിടത്തിലാണ് പുനരൈക്യ ശിൽപി മാർ ഈവാനിയോസ് പിതാവിനാൽ വിളിച്ച് വേർതിരിക്കപ്പെട്ട എഴിയത്ത് സഖറിയാസ് കശ്ശീശവഴി സ്ഥാപിതമായ ആറ്ററികം മലങ്കര സുറിയാനി കത്തോലിക്ക ഇടവക കൂട്ടായ്മ നിലകൊള്ളുന്നത്.

**പുനരൈക്യ പാതയിലേക്ക്**

എഴിയത്ത് സഖറിയാസ് ശെമ്മാശൻ കോട്ടയം പഴയ സെമിനാരിയിൽ പഠനം നടത്തുന്ന കാലയളവിലാണ് ബഥനി തിരുമേനി, മാർ ഈവാനിയോസുമായി ബന്ധത്തിന് തുടക്കം കുറിക്കുന്നത്. എഴിയത്ത് കുടുംബത്തിൻെറ മൂലശാഖ മാവേലിക്കര പണിക്കർ കുടുംബവുമായുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിലാണ് ഇവർ തമ്മിലുള്ള ബന്ധത്തിന് മുഖ്യ കാരണമാകുന്നതിനു ഇടയായത്. കൂടാതെ സെമിനാരി പഠനത്തിൽ അതീവ സമർത്ഥനും, ഇമ്പകരമായി പ്രാർത്ഥനകളും, പാട്ടുകളും ചൊല്ലുന്ന ശെമ്മാശനെ വട്ടശ്ശേരിൽ മെത്രാച്ചൻെറയും ഗുരുക്കൻമാരുടെയും ഇഷ്ടത്തിന് പാത്രീഭൂതനാകുന്നതിനും, മറ്റുള്ളവരിൽ ശ്രദ്ധിക്കപ്പെടുന്ന ഒരുവൻ ആകുന്നതിനും ഇതിലൂടെ കാരണമായി. 1930-ൽ ബഥനി തിരുമേനിയുടെ നേതൃത്ത്വത്തിലുള്ള പുനരൈക്യം യാക്കോബായ സഭയിൽ വലിയ കോളിളക്കം സൃഷ്ടിക്കുകയും, ഈ ദൈവീക സംഭവത്തിന് എതിരെ ശക്തമായ പ്രതിഷേധങ്ങൾ മിക്ക ഭാഗങ്ങളിൽ ഉണ്ടാവുകയും ചെയ്തു. യാക്കോബായ സഭയുടെ ഈ നിലപാട് എഴിയത്ത് അച്ചൻ അതേപടി തൻെറ ഇടവകകളിൽ നടത്തുന്നതിനും ബദ്ധശ്രദ്ധനായിരുന്നു. എന്നാൽ സാവൂളിനെ പൗലോസാക്കിയ ദൈവിക പദ്ധതി മറിച്ചായിരുന്നു. ചന്ദനപള്ളിയിലെ ദൈവജനം പെരുമല അച്ചൻെറ നേതൃത്വത്തിൽ കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിനായി മാർ ഈവാനിയോസ് തിരുമേനി എഴുന്നള്ളിയ സമയം; പെരുമല അച്ചനോട് പരിശുദ്ധ സഭയുടെ കാര്യങ്ങൾ അഭിവന്ദ്യ പിതാവ് സംസാരിക്കുന്ന വേളയിൽ എഴിയത്ത് കത്തനാരെ നമുക്ക് കാണാൻ ആഗ്രഹമുണ്ട് എന്ന് കല്പിച്ചതനുസരിച്ച് പെരുമല തോമസ് അച്ചൻ കാര്യങ്ങൾ അറിയിക്കാതെ മാർ ഈവാനിയോസ് തിരുമേനിയുടെ പക്കലേക്ക് അച്ചനെ കൂട്ടിക്കൊണ്ട് വന്നു. സന്തോഷചിത്തനായ വന്ദ്യ പിതാവ്, നാം സാർവ്വത്രിക കൂട്ടായ്മയിൽ പ്രവേശിച്ചത് കത്തനാർ അറിഞ്ഞിരിക്കുമല്ലൊ; നമ്മുടെ പൂർവ്വീകരുടെ കണ്ണുനീർ പ്രാർത്ഥനകളുടെ ഫലമാണ് എല്ലാം, അതിനാൽ ദൈവാത്മാവിൻെറ ഉൾപ്രേരണ ഉണ്ടാകുന്ന പക്ഷം താങ്കളും പരിശുദ്ധ സഭയിലേക്ക് കടന്നു വരും എന്ന് നാം പ്രത്യാശിക്കുന്നു. ബഥനി തിരുമേനി ക്ഷമിക്കണം! എനിക്കു പട്ടം തന്ന വട്ടശ്ശേരിൽ തിരുമേനിയെയോ, ഇടവക ജനത്തെയോ വിട്ട് ഞാൻ എങ്ങോട്ടുമില്ല എന്ന് അച്ചൻ മറുപടി പറഞ്ഞു. അഭിവന്ദ്യ പിതാവ് അധികം ഒന്നും പറയാതെ **''കാതലിക് ഫെയ്ത്ത്''** എന്ന പുസ്തകം നല്കി സ്ലീബാ എടുത്ത് അച്ചനെയും കുടുംബത്തെയും മിശിഹാ തമ്പുരാൻ വാഴ്ത്തട്ടെ എന്ന് കല്പിച്ച് അനുഗ്രഹിച്ചു. അഭിവന്ദ്യ പിതാവ് നല്കിയ പുസ്തകം വായിച്ച്, പ്രാർത്ഥിച്ച് തൻെറ തീരുമാനം മാതാപിതാക്കളെ അറിയിക്കുകയും, അച്ചൻെറ തീരുമാനത്തിനുമുൻപിൽ ഞങ്ങൾക്ക് മറിച്ചൊരു തീരുമാനമില്ല എന്ന് അവർ അറിയിച്ചതനുസരിച്ച് ആർച്ച്ബിഷപ്പ് തിരുമേനിയോട് തനിക്ക് ബോദ്ധ്യപ്പെട്ട സത്യം അറിയിച്ചു. അങ്ങനെ 1931 നവംബർ 10 ന് ചന്ദനപ്പള്ളി കോട്ടപ്പള്ളിയിൽ വച്ച് മാർ ഈവാനിയോസ് പിതാവിൻെറ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അച്ചനും, കുടുംബാംഗങ്ങളും സാർവ്വത്രിക കൂട്ടായ്മയിലേക്ക് കടന്നു വന്നു.

**ഇടവകസ്ഥാപനം : ഒന്നാം ഘട്ടം**

പുനരൈക്യത്തിനു ശേഷം അഭിവന്ദ്യ തിരുമേനിയുടെ കല്പനപ്രകാരം തൻെറ പിതാവിൻെറ പേരിൽ ഉണ്ടായിരുന്ന എഴിയത്ത് കുന്നറ പുരയിടത്തിലെ 55 സെൻറ് സ്ഥലം പള്ളി സ്ഥാപിക്കുന്നതിലേക്ക് മാർ

ഈവാനിയോസ് തിരുമേനിയുടെ പേരിൽ ദാനമായി നൽകുകയുണ്ടായി. അവിടെ 1932 – ൽ (കൊല്ലവർഷം 1107) വി.ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ ആറ്ററികം മലങ്കര സുറിയാനി കത്തോലിക്ക ഇടവകയ്ക്ക് മാർ ഈവാനിയോസ് തിരുമേനി അടിസ്ഥാനമിട്ടു. ഇടവകയുടെ പ്രഥമ വികാരിയായി എഴിയത്ത് അച്ചനെ തന്നെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ശക്തമായ പ്രതിഷേധങ്ങൾക്ക് നടുവിലും ഇടവകയുടെ വളർച്ച ലക്ഷ്യമാക്കി അച്ചൻ ഒത്തിരി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. അവയിൽ ഒന്ന് ഇവിടെ കുറിക്കുന്നു. അച്ചന്റെ മൂത്ത സഹോദരന്റെ അകാല മരണം വഴിയുണ്ടായ സെമിത്തേരി പ്രശ്നമാണ്. തന്റെ സഹോദരനെ പള്ളിയോടു ചേർന്നുള്ള സ്ഥലത്ത് സംസ്കരിച്ചത് സമീപമുള്ള യാക്കോബായ സഹോദരങ്ങൾ പ്രശ്നമുണ്ടാക്കുകയും പള്ളി നിർത്തിക്കുന്നതിന് കൊല്ലം കോടതിയിൽ കേസ് നൽകുകയും ചെയ്തു. എന്നാൽ നിയമവിദഗ്ധനായിരുന്ന എഴിയത്തച്ചൻ നിഷ്പ്രയാസം ഈ കേസ് തനിക്ക് അനുകൂലമയി വിധി സമ്പാദിച്ച് സെമിത്തേരി പ്രശ്നത്തിന് നിയമപരമായി വിജയം വരിച്ചു. ഈ സംഭവം വഴിയാണ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതിന് കാരണമായത്. എഴിയത്ത് അച്ചന്റെ അസാമാന്യ വ്യക്തി വൈഭവത്തിൽ അനേകം കുടുംബങ്ങൾ ഇടവകയിലേക്ക് ചേർന്നു. ആദ്യമായി ചേർന്നത് തന്റെ സഹോദരിയുടെ കുടുംബമായ വല്യവടക്കേതിൽ, തുടർന്ന് കിടങ്ങിൽ, മൂല കുടുംബശാഖയിലുള്ള അരീക്കത്തറയിൽ, ആറ്റുപുറത്ത്, വട്ടപ്പാറ എന്നീ പ്രബലമായ കുടുംബങ്ങൾ എല്ലാം ഈ കൂട്ടായ്മയിലേക്ക് തുടർന്ന് കടന്നു വന്നു. വികാരി എന്ന നിലയിൽ ശക്തമായ അടിത്തറ പാകി എല്ലാ പ്രതിബന്ധങ്ങളിൽ നിന്നും ദൈവാത്മാവിന്റെ നിറവിൽ ഇടവകയെ മുന്നോട്ട് കൊണ്ടുപോകാൻ അച്ചനു സാധിച്ചതിന്റെ വലിയ തെളിവാണു പിന്നീട് മുള്ളനിക്കാട് പ്രദേശത്ത് നിന്ന് അനേകം കുടുംബങ്ങളുടെ പുനരൈക്യം. എഴിയത്ത് അച്ചനു ശേഷം കൈതനാൽ അച്ചൻ, ആമ്പശ്ശേരിൽ തോമസ് അച്ചൻ, ജേക്കബ് ജോൺ അച്ചൻ, ഇടിക്കുള പാണ്ടിയത്തച്ചൻ, സി. മാത്യു അച്ചൻ എന്നിവരുടെ കാലത്ത് ഇടവക നല്ല പുരോഗതി നേടിയ കാലയളവ് ആയിരുന്നു. ഇവരെല്ലാം പത്തനംതിട്ടയിലും, മറ്റ് സമീപ പ്രദേശങ്ങളിലും താമസിച്ചാണ് ഇവിടെ ശുശ്രൂഷ നിർവ്വഹിച്ചിരുന്നത്.

**ഓമല്ലൂർ പള്ളിയുടെ സ്ഥാപനം**

1960 കളിൽ വന്ദ്യ. സി. മാത്യു അച്ചന്റെ കാലയളവിലാണ് ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂൾ അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി വാങ്ങുന്നത്. ഈ അവസരത്തിലാണ് ഓമല്ലൂർ പ്രദേശത്ത് നിന്ന് അനേകം യാക്കോബായ കുടുംബങ്ങൾ പരി.സഭയിലേക്ക് ആർച്ച്ബിഷപ്പ് തിരുമേനിയുടെ സാന്നിധ്യത്തിൽ ചേർന്നത്. അങ്ങനെ പിതാവ് അവർക്കുവേണ്ടി ഓമല്ലൂരിൽ ദൈവാലയത്തിനു തുടക്കമിടുകയും, ആറ്ററികം ഇടവക മക്കളും ഇവിടെ വന്ന് ഒന്നായി പോകുന്നതിൽ കല്പിക്കുകയും ചെയ്തത്. അങ്ങനെ ആറ്ററികം പള്ളി, ഇരു കൂട്ടരുടെയും സെമിത്തേരിപ്പള്ളി എന്ന നിലയിൽ അറിയപ്പെടുന്നതിന് ഇതിലൂടെ കാരണമായി. (ഇക്കാലയളവിലാണ് തോമസ് എഴിയത്തച്ചൻ 1964 ൽ സ്വിറ്റ്സർലൻറിൽ വച്ച് വൈദികപട്ടം ഏല്ക്കുന്നത്.) എന്നാൽ ഈ സംവിധാനം അധികനാൾ നീണ്ട് പോയില്ല. ഇരുകൂട്ടരും തമ്മിലുള്ള അഭിപ്രായവ്യത്യാസം കാരണം ആറ്ററികം ഇടവകമക്കൾ തങ്ങളുടെ ഇടവകയിലേക്ക് മടങ്ങിവരുന്നതിന് ആഗ്രഹിക്കുകയും ആർച്ച്ബിഷപ്പ് തിരുമേനി അതിന് അനുവദിക്കുകയും ചെയ്തു. കൂടാതെ ഇങ്ങനെ ഒരു സംവിധാനം ഉണ്ടായത് വഴി മുള്ളനിക്കാട് പ്രദേശത്തുള്ള പലരും ഓർത്തഡോക്സ് സഭയിലേക്ക് തിരികെ പോകുന്നതിനും ഇടയായി.

**ഇടവകയുടെ രണ്ടാം ഘട്ടം**

1980കളിൽ ഒ.കെ.അച്ചൻ എന്ന ഇടത്തിൽ അച്ചന്റെ കാലത്ത് ഇടവകയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. ഇക്കാലയളവിലാണ് ബഹു. വർക്കി ആറ്റുപുറത്തച്ചൻ 1985 ൽ വൈദീകപട്ടം ഏല്ക്കുന്നതും അതിനോടനുബന്ധിച്ച് പുത്തൻകുർബാന നമ്മുടെ ദൈവാലയത്തിൽ നടന്നതും. തുടർന്ന് കത്ബർട്ട് കപ്പൂച്ചിൻ അച്ചന്റെ കാലത്ത് ഇടവക നവീകരണത്തിന് തുടക്കം കുറിച്ചത് വഴിയായി മൂലമുറിയിൽ കുടുംബം ദാനം ചെയ്ത സ്ഥലത്ത് പരി.ദൈവമാതാവിന്റെ നാമത്തിൽ മനോഹരമായ ഒരു കുരിശ്ശടി ആർച്ച്ബിഷപ്പ്

തിരുമേനിയാൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു. കൂദാശയുടെ സമയത്ത് മാർ ഗ്രിഗോറിയോസ് തിരുമേനി ഇടവക മക്കൾക്ക് നല്ലൊരു ദൈവാലയം ഉണ്ടാകേണ്ടതിന്റെ ആവശ്യകത അറിയിച്ചിന്റെ ഫലമായി തുടർന്നു വന്ന വികാരി അച്ചൻ ഇതിനായി ഒരു പ്രോജക്ട് ക്രമീകരിക്കുകയും ചെയ്തു. 1990ൽ മാത്യു പൊൻമേലിൽ കോറെപ്പിസ്ക്കോപ്പ അച്ചന്റെ കാലത്ത് ദൈവാലയ നിർമ്മാണത്തിനായി മൂന്നോട്ട് പോവുകയും ആർച്ച്ബിഷപ്പ് തിരുമേനിയുടെ അനുവാദത്തോടെ രണ്ട് വർഷത്തിനുള്ളിൽ തന്നെ പണികൾ മനോഹരമായി പൂർത്തീകരിച്ച് മാർ ഗ്രിഗോറിയോസ് തിരുമേനിയാൽ കൂദാശ നിർവ്വഹിച്ച് നാടിനു സമർപ്പിച്ചു. ഇടവകയിൽ എല്ലാ ഭക്തസംഘടനകൾക്കും ആളും, അർത്ഥവും നല്കി വളർത്തുന്നതിലും അച്ചൻ ഒത്തിരിയേറെ പരിശ്രമിച്ചു. നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാൾ ഇടവകയുടെ ചരിത്രത്തിലാദ്യമായി റാസ ഉൾപ്പടെ ഭക്തിപുരസരം നടത്തുന്നതിനും അച്ചൻ സാധിച്ചു. കൂടാതെ ആർച്ച്ബിഷപ്പ് തിരുമേനി കാലം ചെയ്ത വേളയിൽ സഹോദരി സഭയിലെ വൈദിക ശ്രേഷ്ഠരെ ഒരുമിപ്പിച്ച് അനുസ്മരണ സമ്മേളനം നടത്തുന്നതിനും കൂടാതെ, ഇടവകയുമായി ബന്ധപ്പെട്ട മറ്റ് പരിപാടികളിലും സമീപ ഇടവകകളെ കൂട്ടിച്ചേർത്ത് പുനരൈക്യ ഇടവക സമൂഹത്തിന് വലിയൊരു അർത്ഥം ഇതിലൂടെ അച്ചൻ നൽകി. തുടർന്നു വന്ന ജോഷ്വാ താഴത്തേതിൽ അച്ചൻ ദൈവാലയ ശുശ്രൂഷകരെ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കാനും, സണ്ടേസ്കൂൾ കുട്ടികളെ കൂടുതൽ ശ്രദ്ധിച്ച് അവർക്ക് വേണ്ടുന്ന മതബോധനങ്ങൾ ശരിയായി ക്രമീകരിക്കുന്നതിനും ഇടയായി. പിന്നീട് വന്ന ജോസഫ് വെണ്മാനത്തച്ചൻ ഇടവകയും പരിസരവും നല്ല രീതിയിൽ ക്രമീകരിക്കുന്നതിനും, മാത്യു മാടപ്പള്ളിൽ അച്ചന്റെ കാലത്ത് ഇടവകയിൽ ചിട്ടയായ ക്രമീകരണങ്ങൾ എല്ലാത്തിനും ഉണ്ടാകുന്നതിനും നേതൃത്വം വഹിച്ചു. ബഹു.അച്ചന്റെ ശുശ്രൂഷാ കാലയളവിലാണ് ഇടവകയിൽ നിന്ന് സമീപ ഇടവകകളെ ചേർത്ത് ഭാരതസഭയിലെ അതിപുരാതന ദൈവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുന്നതിന് ഇടയായത്.

**ഇടവക വളർച്ചയുടെ മൂന്നാം ഘട്ടം**

പത്തനംതിട്ട ഭദ്രാസനം നിലവിൽ വന്നപ്പോൾ ഇടവകയോട് ചേർന്ന് കിടന്ന കുന്നറപുരയിടം, എഴിയത്തച്ചന്റെ ഭവനം ഉൾപ്പടെ വന്ദ്യ സഖറിയാസ് അച്ചന്റെ മകനായ വന്ദ്യ തോമസ് അച്ചൻ ദാനമായി ഭദ്രാസനത്തിനു നൽകുകയുണ്ടായി. അങ്ങനെ ആറ്ററികം ഇടവകയുടെ സമീപത്തായി ഉണ്ടായിരുന്ന സ്ഥലത്ത് ഭദ്രാസന മൈനർ സെമിനാരി പരി.കാതോലിക്ക ബാവായുടെ അനുവാദത്തോടെ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി അടിസ്ഥാനമിട്ടു. പ്രഥമ റെക്ടർ വന്ദ്യനായ ആമ്പശ്ശേരിൽ റോയ് അച്ചനായിരുന്നു വികാരി. ഇക്കാലയളവിൽ ഇടവകയിൽ നോമ്പുകാല പ്രാർത്ഥന കൂട്ടായ്മകൾ ഭവനങ്ങളിൽ തുടങ്ങുന്നതിന് നേതൃത്വം കുറിച്ചു. തുടർന്നു വന്ന വർഗ്ഗീസ് ചാമക്കാലായിൽ അച്ചൻ കുരിശ്ശടി മനോഹരമായി പുനർ നിർമ്മിച്ചു. ഈ കാലയളവിലാണ് (2012) ഭദ്രാസന മൈനർ സെമിനാരി ആറ്ററികത്ത് കൂദാശ ചെയ്യപ്പെടുന്നതും, ബ്രദർ ജോർജജ് വടക്കേതിൽ ഇടവകയിൽ നിന്നും വൈദീക വിദ്യാർത്ഥിയായി ചേരുന്നതും. പിന്നീട് വന്ന ജോൺ കമ്പാറയച്ചൻ ഇടവകയിൽ എം.ബി.ഒ.സി. ക്ലാസുകൾ ക്രമീകരിക്കുന്നതിനും, മനോഹരമായ ഒരു പള്ളിമേട നിർമ്മിക്കുന്നതിനും ഇടയായി. തുടർന്ന് വന്ന സ്ലീബാദാസ് അച്ചൻ മദ്ബഹാ മനോഹരമായി ക്രമീകരിക്കുകയും, ജോസ് ചാമക്കാലയിൽ കോറെപ്പിസ്ക്കോപ്പ അച്ചന്റെ കാലത്ത് സെമിത്തേരിക്ക് കൂടുതൽ സ്ഥലം ക്രമീകരിക്കുന്നതിനും, പുതിയ കല്ലറകൾ നിർമ്മിക്കുന്നതിനും, പള്ളിയുടെ വടക്ക് വശത്തായി ഒരു ഷെഡ് നിർമ്മിക്കുന്നതിനും ഇടയായി. പിന്നീട് വന്ന കൊല്ലറകുഴിയിൽ അച്ചൻ ഇടവക സമൂഹത്തെ നല്ലരീതിയിൽ വളർത്തുന്നതിൽ വലിയ പങ്ക് വഹിക്കുകയും, തുടർന്ന് വന്ന വന്ദ്യ ചേടിയത്ത് മല്പാൻ അച്ചൻ പാവങ്ങളെ അവരുടെ ആവശ്യമറിഞ്ഞ് കാര്യങ്ങൾ ക്രമീകരിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച് ശുശ്രൂഷ തുടരുന്നു.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. സഖറിയാസ് എഴിയത്ത്

പൗരോഹിത്യം - 1827

പുനരൈക്യം - 1931 നവം. 10

മരണം - 1980 ഏപ്രിൽ 15

2. ഫാ. തോമസ് എഴിയത്ത്

പൗരോഹിത്യം - 1964, സെപ്.08

മരണം - 2017 മാർച്ച് 16

3. മോൺ. വർക്കി ആറ്റുപുറത്ത് (വികാരി ജനറാൾ - തിരുവനന്തപുരം മേജർ അതിഭദ്രാസനം)

പൗരോഹിത്യം - 1985

4. ബ്രദർ ജോർജജ് വടക്കേതിൽ (പുത്തൂർ ഭദ്രാസനം, കർണ്ണാടക)

**ഇടവകയിൽ സേവനം ചെയ്ത വൈദീകർ**

1. ഫാ. സഖറിയാസ് എഴിയത്ത് (1932-1980)
2. ഫാ. തോമസ് കൈതനാൽ (2005)
3. ഫാ. തോമസ് ആമ്പശ്ശേരിൽ (1965)
4. ഫാ. ജേക്കബ് ജോൺ (2013)
5. ഫാ. ഇടിക്കുള പാണ്ടിയത്ത് (2016)
6. ഫാ. സി. മാത്യു എഴാനിക്കാട്ട് (1987, 1968-1981)
7. ഫാ. ജേക്കബ് പുത്തൻവിളയിൽ (1981-1983)
8. ഫാ. വർഗീസ് ഇടത്തിൽ (1996, 1983-1986)
9. ഫാ. കതംബർട്ട് (1987-1988)
10. ഫാ. കൈപ്പള്ളിലൽ (1989-1990)
11. ഫാ. മാത്യു പൊന്മേലിൽ (2020, 1991-1995)
12. ഫാ. ജോഷ്വാ താഴത്തേതിൽ (1996-2005)
13. ഫാ. ജോസഫ് വെണ്മാനത്ത് (2005-2006)
14. ഫാ. മാത്യു മാടപ്പള്ളിൽ (2019, 2007-2009)
15. ഫാ. റോയി തോമസ് ആമ്പശ്ശേരിൽ (2010-2011)
16. ഫാ. വർഗീസ് ചാമക്കാലായിൽ (2011-2012)
17. ഫാ. ജോൺ കമ്പാറ (2012-2016)
18. ഫാ. സ്ലീബാദാസ് (2016)
19. ഫാ. ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പ (2017)
20. ഫാ. മാത്യു കല്ലറക്കുഴി (2018)
21. ഫാ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ (2019)